# മുഖവുര

ബഹുമാനപ്പെട്ട പ്രസിഡന്റ്, ഭരണസമിതി അംഗങ്ങളേ, ഉദ്യോഗസ്ഥ സുഹൃത്തുക്കളേ, എന്റെ വാക്കുകൾ ശ്രവിക്കുന്ന അട്ടപ്പാടിയിലെ പ്രിയപ്പെട്ട ജനങ്ങളേ.....

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2026–27 സാമ്പത്തിക വർഷത്തെ ബജറ്റ് ഈ ആദരണീയമായ സഭയ്ക്ക് മുൻപാകെ അവതരിപ്പിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷവും അഭിമാനമുണ്ട്. നമ്മുടെ പുതിയ ഭരണസമിതി അധികാരമേറ്റെടുത്ത ശേഷമുള്ള ആദ്യ ബജറ്റാണിത്. അതുകൊണ്ടുതന്നെ അട്ടപ്പാടിയുടെ വികസന ചരിത്രത്തിൽ പുതിയൊരു അധ്യായം കുറിക്കാനുള്ള വലിയ ഉത്തരവാദിത്തവും പ്രതീക്ഷയുമാണ് ഈ രേഖ മുന്നോട്ട് വെക്കുന്നത്.

ഭാരതത്തിന്റെ വികസനം ഗ്രാമങ്ങളിലൂടെ മാത്രമേ സാധ്യമാകൂ എന്ന് നമ്മെ പഠിപ്പിച്ച രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 'ഗ്രാമസ്വരാജ്' എന്ന സങ്കല്പമാണ് ഈ ബജറ്റിന്റെ ആണിക്കല്ല്. വികേന്ദ്രീകരണ ആസൂത്രണത്തിലൂടെ അധികാരം സാധാരണക്കാരന്റെ കൈകളിൽ എത്തിക്കാൻ വിപ്ലവാത്മകമായ പഞ്ചായത്തീരാജ് നിയമം കൊണ്ടുവന്ന മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയെ ഈ അവസരത്തിൽ ഞാൻ നന്ദിയോടെ സ്മരിക്കുന്നു. ആ നിയമം നൽകിയ കരുത്ത് ഉൾക്കൊണ്ടുകൊണ്ട് രൂപീകരിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളുടേയും അനുഭവങ്ങളേയും ഉപയോഗപ്പെടുത്തി അട്ടപ്പാടിയുടെ മുക്കിലും മൂലയിലും വികസനത്തിന്റെ വെളിച്ചമെത്തിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്. ഇതൊരു വെറും അക്കക്കണക്കല്ല, മറിച്ച് അട്ടപ്പാടിയുടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും നൽകുന്ന ഉറപ്പാണ്. ഭരണത്തിന്റെ ഗുണഫലങ്ങൾ അട്ടപ്പാടിയിലെ ഏറ്റവും അവസാനത്തെ ഉന്നതിയിലും എത്തിക്കുക എന്നതാണ് നമ്മുടെ പ്രഖ്യാപിത ലക്ഷ്യം.

കഴിഞ്ഞ കാലങ്ങളിലെ നേട്ടങ്ങളെ ആദരിച്ചും കോട്ടങ്ങളെ തിരുത്തിയും, നവീനമായ ആശയങ്ങളിലൂടെ അട്ടപ്പാടിയെ ഒരു മാതൃകാ ബ്ലോക്കാക്കി മാറ്റാൻ ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ വികസന പദ്ധതികൾ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ അട്ടപ്പാടിക്ക് ലഭ്യമാക്കാൻ ശക്തമായ ഇടപെടലുകൾ ഈ സാമ്പത്തിക വർഷം നാം നടത്തും.

## സംസ്കാരം, പൈതൃകം - ട്രൈബൽ മ്യൂസിയം

അട്ടപ്പാടിയുടെ ഏറ്റവും വലിയ സമ്പത്ത് ഇവിടുത്തെ മണ്ണും മനുഷ്യരും അവരുടെ സമ്പന്നമായ ഗോത്ര സംസ്കൃതിയുമാണ്. കാലപ്പഴക്കത്തിൽ ഈ തനത് കലകളും ആചാരങ്ങളും അറിവുകളും വിസ്മൃതിയിലാകാൻ നാം അനുവദിക്കില്ല. നമ്മുടെ പൈതൃകം വരുംതലമുറയ്ക്കായി കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

ഇതിനായി ഈ ബജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശമായി 'അട്ടപ്പാടി ട്രൈബൽ മ്യൂസിയം' എന്ന പദ്ധതി ഞാൻ സമർപ്പിക്കുന്നു. കേവലം ഒരു കെട്ടിടം എന്നതിലുപരി, അട്ടപ്പാടിയിലെ ഗോത്രവർഗ്ഗക്കാരുടെ ജീവിതരീതികൾ, കൃഷി അറിവുകൾ, ഔഷധ വിദ്യകൾ, സംഗീതം, കരകൗശല വിദ്യകൾ എന്നിവയെല്ലാം ഒരു കുടക്കീഴിൽ അണിനിരത്തുന്ന ഒന്നായിരിക്കും ഈ മ്യൂസിയം. അട്ടപ്പാടിയുടെ ചരിത്രം ലോകത്തിന് പരിചയപ്പെടുത്തുന്ന ഒരു വിജ്ഞാന കേന്ദ്രമായി ഇത് മാറും. ഇതിനായുള്ള പ്രാഥമിക നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ ബജറ്റിൽ തുക വകയിരുത്തുന്നു.

## സ്ത്രീ ശാക്തീകരണം - ഷീ ലോഡ്ജ് (She Lodge)

സ്ത്രീ സൗഹൃദമായ ഒരു അട്ടപ്പാടി എന്നതാണ് നമ്മുടെ മറ്റൊരു കാഴ്ചപ്പാട്. ഔദ്യോഗിക ആവശ്യങ്ങൾക്കായും വിനോദസഞ്ചാരത്തിനായും പഠനത്തിനായും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് അട്ടപ്പാടിയിൽ എത്തുന്ന വനിതകൾക്ക് സുരക്ഷിതവും മിതമായ നിരക്കിലുമുള്ള താമസം ഉറപ്പാക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിനായി അഗളി കേന്ദ്രീകരിച്ച്

ഒരു 'ഷീ ലോഡ്ജ്' (She Lodge) നിർമ്മിക്കാൻ ഈ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടു കൂടിയ ഈ സംവിധാനം സ്ത്രീകളുടെ സുരക്ഷയ്ക്കും യാത്രാ സൗകര്യത്തിനും വലിയ മുൻതൂക്കം നൽകുന്നതായിരിക്കും.

## ആരോഗ്യമേഖല – സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതികൾ

ആരോഗ്യവാനായ ഒരു പൗരന് മാത്രമേ വികസിത അട്ടപ്പാടിയെ കെട്ടിപ്പടുക്കാൻ സാധിക്കൂ. അതുകൊണ്ട് തന്നെ ആരോഗ്യമേഖലയ്ക്ക് പ്രാധാന്യം നൽകി വിവിധ പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. നമ്മുടെ നിയന്ത്രണത്തിലുള്ള കോട്ടത്തറ താലൂക്ക് ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, അഗളി സി.എച്ച്.സി എന്നിവയുടെ വികസനത്തിന് ഈ ബജറ്റിൽ സവിശേഷമായ ഊന്നൽ നൽകുന്നു

എറ്റടുക്കാൻ വിഭാവനം ചെയ്യുന്ന പ്രധാന പദ്ധതികൾ:

കോട്ടത്തറ ആശുപത്രിയിൽ സോളാർ ജനറേറ്റർ യൂണിറ്റ്, ഹെൽത്ത് ചെക്കപ്പ് കിയോസ്ക്, അത്യാഹിത വിഭാഗം നവീകരണം, പട്ടികവർഗ്ഗക്കാർക്കായി ട്രൈബൽ ലോഞ്ച് (റെസ്റ്റ് റൂം), സിക്കിൾ സെൽ യൂണിറ്റ് , കൂടാതെ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വാട്ടർ ടാങ്ക് നവീകരണം, സ്റ്റാഫ് ക്വാർട്ടേഴ്സ് അറ്റകുറ്റപ്പണികൾ, ആധുനിക ജിം യൂണിറ്റ് എന്നിവയും, വയോജനങ്ങൾക്ക് മുട്ട് മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് പ്രത്യേക സഹായം നൽകുന്നതിനും ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നു.

അഗളി സി.എച്ച്.സിയിൽ മോർച്ചറി ഫിക്സഡ് ഫ്രീസർ യൂണിറ്റും, ടി.ബി ഐസൊലേഷൻ വാർഡും സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്യുന്നു.

## കൃഷി, മൃഗസംരക്ഷണം, വന്യജീവി സംഘർഷ ലഘൂകരണം

അട്ടപ്പാടിയുടെ സമ്പദ്‌വ്യവസ്ഥ കൃഷിയെയും കന്നുകാലി വളർത്തലിനെയും ആശ്രയിച്ചാണ്. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും, ക്ഷീരകർഷകർക്ക് അർഹമായ

ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നാം മുൻഗണന നൽകും. എങ്കിലും, വനാതിർത്തിയോട് ചേർന്നുള്ള നമ്മുടെ കൃഷിയിടങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം വലിയൊരു വെല്ലുവിളിയാണ്. കർഷകരുടെ അധ്വാനം വന്യമൃഗങ്ങൾ കവർന്നെടുക്കുന്നത് തടയാൻ ഫെൻസിങ് പദ്ധതികൾ, വനംവകുപ്പുമായി ചേർന്നുള്ള പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ബജറ്റിൽ തുക നീക്കിവെക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ വിളനാശം സംഭവിക്കുന്ന കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വേഗത്തിൽ ലഭ്യമാക്കാൻ ഭരണസമിതി കർശനമായി ഇടപെടും.

## പാർപ്പിടവും, സാമൂഹ്യ സുരക്ഷയും

ദുർബല വിഭാഗങ്ങളുടെ ക്ഷേമം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച പി.എം.എ.വൈ (PMAY), പി.എം. ജൻമൻ (PM-JANMAN) തുടങ്ങിയ പദ്ധതികൾ അർഹരായ ഗുണഭോക്താക്കളിലേക്ക് എത്തിക്കാൻ നാം യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കും. ഭവനരഹിതർക്ക് വീട് നൽകുക എന്നത് നമ്മുടെ പ്രഥമ പരിഗണനയാണ്. പ്രത്യേകിച്ച് പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ വികസനത്തിനായി ആവിഷ്കരിച്ച പി.എം. ജൻമൻ ഭവന പദ്ധതിയിലൂടെ അവരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വലിയ തുക നാം നീക്കിവെക്കുന്നു. എല്ലാവർക്കും അടച്ചുറപ്പുള്ള വീടും ശുചിമുറിയും കുടിവെള്ളവും വൈദ്യുതിയും ഉറപ്പാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

## വിദ്യാഭ്യാസം, തൊഴിൽ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസം അട്ടപ്പാടിയുടെ ഭാവിയാണ്. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഉന്നത വിദ്യാഭ്യാസത്തിന് ഗോത്രവിഭാഗം കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പുകൾ നൽകുന്നതിനും നാം ശ്രദ്ധിക്കും. തൊഴിലില്ലായ്മ പരിഹരിക്കാൻ വൈദഗ്ധ്യ പരിശീലന പരിപാടികൾ (Skill Development) വഴി യുവാക്കളെ തൊഴിൽസജ്ജരാക്കും. അട്ടപ്പാടിയുടെ ഉൾപ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കാൻ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിന് തുക നാം നീക്കിവെക്കുന്നു. മഴക്കാലത്ത് തകരുന്ന റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ

നന്നാക്കാനും പുതിയ വഴികൾ വെട്ടിത്തെളിക്കാനും ഈ ബജറ്റ് ലക്ഷ്യമിടുന്നു.

## ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സമുച്ചയ നിർമ്മാണം

പൊതുജനങ്ങൾക്ക് ഒരേ മേൽക്കൂരയ്ക്ക് കീഴിൽ എല്ലാ സേവനങ്ങളും ലഭ്യമാകുന്ന (Single Window System), അത്യാധുനിക സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളുന്ന ഒരു **'സ്മാർട്ട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സമുച്ചയം'** എന്നത് നമ്മുടെ ഭരണസമിതിയുടെ ഒരു പ്രധാന സ്വപ്നമാണ്. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നിലവിൽ നേരിടുന്ന ഏറ്റവും വലിയ പരിമിതികളിലൊന്ന് കാലപ്പഴക്കം ചെന്നതും അപര്യാപ്തമായ സൗകര്യങ്ങളോടു കൂടിയതുമായ നമ്മുടെ ഓഫീസ് കെട്ടിടമാണ്. വർദ്ധിച്ചു വരുന്ന ജനസംഖ്യയ്ക്കും പുതിയ കാലത്തെ ഭരണനിർവ്വഹണ ആവശ്യങ്ങൾക്കും അനുസൃതമായ പശ്ചാത്തല സൗകര്യങ്ങൾ നമ്മുടെ ഓഫീസിൽ നിലവിലില്ല എന്നത് ഒരു വലിയ കുറവായി നാം കാണുന്നു. ഈ കുറവ് പരിഹരിക്കുന്നതിന് **ഈ സാമ്പത്തിക വർഷതന്നെ പുതിയ കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ നമ്മുടെ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.** ഇതിനായി ബജറ്റിൽ മതിയായ തുക നാം നീക്കിവെക്കുന്നു. ഉദ്യോഗസ്ഥർക്ക് മികച്ച തൊഴിൽ സാഹചര്യവും, ഓഫീസിലെത്തുന്ന പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും തടസ്സങ്ങളില്ലാത്ത സേവനവും ഉറപ്പാക്കുന്ന രീതിയിലായിരിക്കും ഇതിന്റെ രൂപകൽപ്പന. അട്ടപ്പാടിയുടെ ഭരണസിരാകേന്ദ്രം എന്ന നിലയിൽ അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്ന ഒരു മന്ദിരമായി ഇത് മാറുമെന്ന് ഞാൻ ഉറപ്പുനൽകുന്നു.

## സാമ്പത്തിക അവലോകനവും ഉപസംഹാരവും

ബഹുമാനപ്പെട്ട അംഗങ്ങളേ, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഇപ്രകാരമാണ്:

**പ്രതീക്ഷിത വരവ് : ₹ 61,43,68,079/-**

**പ്രതീക്ഷിത ചെലവ് : ₹ 58,36,49,675/-**

**മിച്ചം : ₹ 3,07,18,404/-**

***( പദ്ധതികൾക്ക് ഡിപിസി അംഗീകാരം ലഭിച്ചുകഴിഞ്ഞ് പദ്ധതി തുകകൾ K Smart വഴി രേഖപ്പെടുത്തി വരുമ്പോൾ മാത്രമേ പ്ലാൻ ഫണ്ട് ചെലവും മിച്ചവും ലഭിക്കുകയുള്ളൂ. )***

ഈ ബജറ്റ് നിർദ്ദേശങ്ങൾ വെറുമൊരു വാഗ്ദാനമല്ല, മറിച്ച് അട്ടപ്പാടിയുടെ പുരോഗതിക്കായുള്ള നമ്മുടെ ദൃഢനിശ്ചയമാണ്. കക്ഷിരാഷ്ട്രീയത്തിന് അതീതമായി, അട്ടപ്പാടിയുടെ വികസനമെന്ന ഒറ്റലക്ഷ്യത്തിനായി നമുക്ക് ഒരുമിച്ച് കൈകോർക്കാം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായം പരമാവധി പ്രയോജനപ്പെടുത്തി അട്ടപ്പാടിയെ നമുക്ക് ഉയരങ്ങളിലെത്തിക്കാം. നമ്മുടെ പ്രിയപ്പെട്ട രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിജി പറഞ്ഞതുപോലെ, "ഏറ്റവും പിന്നോക്കം നിൽക്കുന്നവന്റെ മുഖത്ത് പുഞ്ചിരി വിരിയുമ്പോഴാണ് വികസനം പൂർണ്ണമാകുന്നത്." അട്ടപ്പാടിയിലെ ഓരോ മനുഷ്യന്റെയും ജീവിതത്തിൽ ആ പുഞ്ചിരി കൊണ്ടുവരാൻ നമുക്ക് ഒരൊറ്റ മനസ്സോടെ പ്രവർത്തിക്കാം. ഈ ബജറ്റ് ഞാൻ ബഹുമാനപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

നന്ദി, നമസ്കാരം.